(ബി) 2006-2007-ൽ പാലുല്പാദനം 21.02 ലക്ഷം ടൺ ആയിരുന്നത് 2009-2010-ൽ 25.85 ലക്ഷം ടണ്ണായി വർദ്ധിച്ചു. മുട്ടയുല്പാദനം 2006-07-ൽ 119.39 കോടി എണ്ണം ആയിരുന്നത് 2009-10-ൽ 160.6 കോടിയായി വർദ്ധിച്ചു. മാംസ ഉല്പാദനം 2006-07-ൽ 195.37 മെട്രിക് ടൺ ആയിരുന്നത് 2009-2010-ൽ 219 മെട്രിക് ടൺ ആയും വർദ്ധിച്ചു.

(സി) പാൽ,മുട്ട,മാംസം എന്നിവയുടെ ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	പാലുല്പാദനം (ലക്ഷം ടൺ)	മുട്ടയുല്പാദനം (കോടി എണ്ണം)	മാംസോൽപ്പാദനം (ആയിരം ടൺ)
2006-07	21.02	119.39	198.37
2007-08	22.48	137.92	205.21
2006-09	24.53	150.66	206.42
2009-10	25.85	160.80	219.00

വെറ്ററിനറി സർവ്വകലാശാലയുടെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ

144(1401) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വെറ്ററിനറി സർവ്വകലാശാല എത്തെല്ലാം ഡിഗ്രികളാണ് ഈ അദ്ധ്യയനവർഷം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എത്തെല്ലാം ഡിഗ്രി കോഴ്സുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലയുടെകീഴിൽ നടത്തുന്ന കോഴ്സുകൾക്കും, നൽകുന്ന ഡിഗ്രികൾക്കും കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിക്കുന്നതുകൊണ്ട് വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(എഫ്) സർവ്വകലാശാലയുടെകീഴിൽ നടത്തുന്ന കോഴ്സുകളെ സംബന്ധിച്ചും നൽകുവാൻ ഉദ്ദേശിക്കുന്ന ഡിഗ്രികളെ സംബന്ധിച്ചുമുള്ള റിപ്പോർട്ട് വെറ്ററിനറി കൗൺസിലിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ എന്നാണ് അയച്ചതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇത് വെറ്ററിനറി കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബി.വി.എസ്.സി.&എ.എച്ച്. എം.വി.എസ്.സി. (19 വിഷയങ്ങളിൽ) പി. എച്ച്.ഡി. (17 വിഷയങ്ങളിൽ) ബി.ടെക് ഡയറി സയൻസ് & ടെക്നോളജി.

(ബി) സർവ്വകലാശാലയോട് ഒരു കോളേജും ഇതുവരെ അഫിലിയേറ്റ് ചെയ്തിട്ടില്ല; ഈ സർവ്വകലാശാലയിൽ മൂന്ന് കോൺസ്റ്റിറ്റ്യുവന്റ് (Constituent) കോളേജുകൾ ഉണ്ട്. അവ കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസ്സ്, പൂക്കോട്. കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസ്സ് മണ്ണുത്തി. ഡയറി സയൻസ് & ടെക്നോളജി കോളേജ് മണ്ണുത്തി എന്നിവയാണ്.

(സി) സർവ്വകലാശാലയുടെ കീഴിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ബി.വി. എസ്.സി. & എ.എച്ച്കോഴ്സിന് കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം നിലവിലുണ്ട്.

(ഡി&ഇ) ബാധകമല്ല.

(എഫ്) കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം ആവശ്യമുള്ള ബി.വി.എസ്.സി.&എ.എച്ച്. കോഴ്സിന് പൂക്കോട്, മണ്ണുത്തി വെറ്ററിനറി കോളേജുകൾക്ക് അംഗീകാരം നിലവിലുണ്ട്.

2011 ഏപ്രിൽ ഒന്നാം തീയതി മുതൽ മാത്രമേ അക്കാഡമിക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ വെറ്ററിനറി സർവ്വകലാശാല നടത്തുവാൻ തുടങ്ങുകയുള്ളൂ. വെറ്ററിനറി സർവ്വകലാശാല രൂപീകൃതമായ വിവരവും ബി.വി.എസ്.സി.&എ.എച്ച്. കോഴ്സുകൾ പ്രസ്തുത സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്ന കാര്യവും കേന്ദ്ര വെറ്ററിനറി കൗൺസിലിനെ അറിയിച്ചിട്ടുണ്ട്.

(ജി) 10-2-2011-ന് കേന്ദ്ര വെറ്ററിനറി കൗൺസിലിന്റെ സെക്രട്ടറിക്ക് ഇത് സംബന്ധിച്ച കത്ത് വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലറും, അക്കാഡമിക്ക്&റിസർച്ച് ഡയറക്ടറും കൂടി നേരിട്ട് നൽകുകയുണ്ടായി.

(എച്ച്) വെറ്ററിനറി കൗൺസിൽ തുടർ നടപടികൾ ഉടൻ തന്നെ കൈക്കൊള്ളുമെന്നും പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly